(സി) കണ്ണൂർ, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകൾ.

(ഡി) ഇല്ല.

(ഇ) പ്രസ്തുത ഓഫീസ് സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

40 (1685) നെയ്യാർ ഇറിഗേഷൻ ചാനലുകളിൽ അറ്റകുറ്റപ്പണികൾ നടത്താൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഇറിഗേഷൻ സ്കീമിൽപ്പെട്ട പല ചാനലുകളും വർഷങ്ങളായി അറ്റകുറ്റപ്പണികൾ നടത്താത്തതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പല ഭാഗത്തും ചാനലുകൾ കാടുകയറി സമീപവാസികൾക്കും കൃഷിക്കാർക്കും ബുദ്ധിമുട്ടുണ്ടാകുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ തടസ്സങ്ങൾ കാരണം അണക്കെട്ടിൽ നിന്നും തുറന്നുവിടുന്ന വെള്ളം നിശ്ചിത തോതിൽ കൃഷിയിടങ്ങളിൽ എത്തിച്ചേരുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രയും വേഗം അറ്റകുറ്റപ്പണികൾ നടത്തി തടസ്സങ്ങൾ നീക്കം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) സിൽട്ട് അടിഞ്ഞും കാടുപിടിച്ചും കനാലിലൂടെ കൃഷിയിടങ്ങളിൽ വെള്ളം എത്താതിരിക്കുന്ന സ്ഥലങ്ങളിൽ വെള്ളം എത്തിക്കുന്നതിനു വേണ്ടി റീവാമ്പിംഗ് ആന്റ് കൺസോളിഡേഷൻ എന്ന പദ്ധതിയിൽ നെയ്യാർ ജലസേചന പദ്ധതിയും ഉൾപ്പെടുത്തി ഈ വർഷം പണികൾ നടത്തുന്നുണ്ട്. പൂവാർ ഈസ്റ്റ്, പൂവാർ വെസ്റ്റ്, ചൊവ്വര എന്നീ കനാലുകളാണ് ഈ വർഷം എടുത്തിട്ടുള്ളത്. മൂന്നു വർഷംകൊണ്ട് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന റിവാമ്പിംഗ് ആന്റ് കൺസോളിഡേഷൻ പദ്ധതി പൂർത്തിയാകുമ്പോൾ നെയ്യാർ ഇറിഗേഷൻ സ്കീമിൽപ്പെട്ട എല്ലാ കനാലുകളിലും അവസാനഭാഗം വരെ വെള്ളം എത്തുന്നതാണ്.

41 (1686) വലിയകുളം കാഡാ സ്കീമിൽ ഉൾപ്പെടുത്തി നന്നാക്കാൻ നടപടി

ശ്രീ. എൻ. സുന്ദരൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്കൽ പഞ്ചായത്തിലെ വലിയകുളം നന്നാക്കുന്നതിന് കാഡാ സ്കീമിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും അത് അംഗീകരിച്ച് ടെണ്ടർ നൽകുന്നതിന് അനുമതിക്കായുള്ള ഫയൽ കാഡായുടെ തൃശ്ശൂരിലെ

LIBRARY ARCHIVES Kerala Legislative Assembly